വികസന അതോറിട്ടിക്ക് രൂപം കൊടുക്കണമെന്ന്. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

We recommend that among other things, the following may be included in the functions of the Authority :

(i) Development of Agriculture, Animal Husbandry, Dairying and Polutry.

(ii) Development of communication facilities in Kuttanad including Inland Navigation.

(iii) Extension of electricity.

(iv) Adoption of flood control measures.

(v) Development of Industries, Pisciculture etc., and

(vi) Promotion of Tourism.

We hope that it would be possible for the Government to see that the Kuttanad Development Authority will come into being at an early date so that all these activities could be pursued without delay.

1971-ൽ ഈ പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സി. തോമസ് കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ടിൽ പ്രാധാന്യത്തോടുകൂടി പറഞ്ഞിരിക്കുന്ന ഇക്കാര്യത്തെക്കുറിച്ച് അനന്തര നടപടികളൊന്നുമുണ്ടായിട്ടില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർക്ക് പ്രസംഗം അടുത്ത പ്രാവശ്യം തുടരാം.

(X) അവകാശലംഘന പ്രശ്നങ്ങൾ

ജലസേചനവകുപ്പു മന്ത്രിക്കും, ആഭ്യന്തരവകുപ്പു മന്ത്രിക്കും ക്ഷേമവും സിവിൽസപ്ലൈസും വകുപ്പു മന്ത്രിക്കും എതിരായിട്ടുള്ളവ

മി. സ്പീക്കർ : നിയമത്തിൽ പര്യാപ്തമായ വ്യവസ്ഥയില്ലാതെ ജല-മലിനജല അതോറിട്ടിക്ക് ലോണും കോൺട്രിബ്യൂഷനും നൽകിയെന്നും ഒരു വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് നിയമസഭയ്ക്ക് നൽകാതെ വലിയ തുകകൾ ഗ്രാൻറായി പാസ്സാക്കി എടുത്തുവെന്നും ലോണും കോൺട്രിബ്യൂഷനും മറ്റും നൽകാൻ വ്യവസ്ഥയില്ലാതിരിക്കെ അങ്ങനെയുള്ള തെറ്റായ വിവരം സബ്ജക്ട് കമ്മിറ്റിക്ക് നൽകിയെന്നും ഇപ്രകാരം നിയമസഭയെ കബളിപ്പിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്ത്, ബഹുമാനപ്പെട്ട ജലസേചനവകുപ്പു മന്ത്രി നിയമസഭയുടെയും സഭാംഗങ്ങളുടെയും അവകാശങ്ങളെ ലംഘിച്ചിരിക്കുകയാണെന്നും ഈ പ്രശ്നം ഉന്നയിക്കാൻ തനിക്ക് അനുമതി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി ഒരു നോട്ടീസ് നൽകുകയുണ്ടായി. ഇതിനെ സംബന്ധിച്ച് ചെയർ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുടെ വിശദീകരണം തേടുകയുണ്ടായി. അദ്ദേഹത്തിൻെറ വിശദീകരണത്തിൽ ലോണും കോൺട്രിബ്യൂഷനും അതോറിട്ടിക്ക് നൽകാൻ അതോറിട്ടിക്ക്, രൂപ കൊടുത്ത അവസരത്തിൽ വ്യവസ്ഥയില്ലായിരുന്നുവെങ്കിലും പിന്നീട് അത് പൂർവ്വ കാലപ്രാബല്യത്തോടുകൂടി നിയമത്തിൽ ഉൾക്കൊള്ളിക്കുകയുണ്ടായി എന്നും നിയമവ്യവസ്ഥ ഉണ്ടാകുന്നതുവരെ ലോണും കോൺട്രിബ്യൂഷനും നൽകിയിട്ടില്ലായെന്നും വെളിപ്പെടുത്തുകയുണ്ടായി. ഒരു വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ്, ബഡ്ജറിൻെറ ചർച്ചാവേളയിൽ സഭയ്ക്ക് നൽകുന്നതിനു നിയമത്തിൽ കഴിവതും വേഗത്തിൽ വ്യവസ്ഥ ഉണ്ടാകുന്നതാണെന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

19-3-1985-ലെ നക്ഷത്രചിഹ്നമുള്ള 141-ാം നമ്പർ ചോദ്യത്തിനും 29-3-1985-ലെ നക്ഷത്രചിഹ്നമിടാത്ത 1025-ാം നമ്പർ ചോദ്യത്തിനും 3-4-1985-ലെ ശ്രീ. കെ. വി. സുരേന്ദ്രനാഥിന്റെ ഒരു സബ്മിഷനും ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി നൽകിയ മറുപടികളും പരസ്പരവിരുദ്ധങ്ങളാണെന്നും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും കാണിച്ച് ശ്രീ. കെ. ടി. കണാരൻ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രിക്കെതിരെ അവകാശ ലംഘന പ്രശ്നമുന്നയിക്കുന്നതിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. അത് ചെയർ വിശദമായി പരിശോധിക്കുകയും ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണം ആരായുകയും ചെയ്തു. മന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവകാശ ലംഘനമൊന്നും നടത്തിയിട്ടില്ലെന്ന് ബോദ്ധ്യമായതിനാൽ അനുമതി നിഷേധിച്ചിരിക്കുന്നു. 3-4-1985-ൽ ശ്രീ. കെ. വി. സുരേന്ദ്രനാഥിന്റെ സബ്മിഷന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതായിട്ടുള്ളതാണെന്ന് കാണിച്ച് ഉന്നയിച്ചിട്ടുള്ള നോട്ടീസിന് മന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അതിൽ അവകാശ ലംഘനമൊന്നും നടത്തിയിട്ടില്ലെന്ന് ബോദ്ധ്യമായതിനാൽ അനുമതി നിഷേധിച്ചിരിക്കുന്നു.

1985 മാർച്ച് മാസം 19-ാം തീയതി പ്രതിപക്ഷ നേതാവ് ഉന്നയിച്ച സബ്മിഷന് മറുപടിയായി കേരളത്തിന് നൽകി വരുന്ന ഇരുമ്പരിയുടെ പ്രശ്നം ഉൾപ്പെടെ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രിയും ഈ സഭയിൽ പ്രസ്താവിച്ചതായും എന്നാൽ അരി പ്രശ്നത്തെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന് സംസ്ഥാന ഗവൺമെന്റ് എഴുതിയിട്ടില്ലെന്ന് പാർലമെന്റിൽ ഭക്ഷ്യവകുപ്പു മന്ത്രി പ്രസ്താവിച്ചതായും അറിയുന്നു. ഇങ്ങനെ പരസ്പര വിരുദ്ധമായ പ്രസ്താവനകൾ നൽകി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രിയും സഭയെ തെറ്റിദ്ധരിപ്പിച്ചതായും സഭയുടെ അവകാശം ലംഘിച്ചിരിക്കുകയാണെന്നും ആരോപിച്ചുകൊണ്ട് ശ്രീ. എം. വി. രാഘവൻ അവകാശ ലംഘന പ്രശ്നത്തിന് നോട്ടീസ് നൽകിയിരുന്നു. ഇതു സംബന്ധിച്ച് ചെയർ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചു. അതിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ചെയർമാന് എഴുതിയിട്ടുള്ളതായാണ് കാണുന്നത്, സഭയെ തെറ്റിദ്ധരിപ്പിക്കത്തക്കവിധത്തിൽ യാതൊന്നും അതിൽ ഉള്ളതായി കാണുന്നില്ല. അതുകൊണ്ട് ശ്രീ. എം. വി. രാഘവൻ നൽകിയ നോട്ടീസിന് ചെയർ അനുമതിനിഷേധിച്ചിരിക്കുന്നു.

(XI) പ്രസ്താവന

മോസ്ക്കോവിൽ നടക്കുന്ന ലോകയുവജനോൽസവം

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, സഭയുടെ ശ്രദ്ധ മോസ്ക്കോവിൽ നടക്കുന്ന യൂത്തുഫെസ്റ്റിവൽ നടപടികളിലേക്ക് ക്ഷണിക്കുകയാണ്. ഇൻഡ്യയിൽ നിന്ന് അഞ്ഞൂറോളം പ്രതിനിധികൾ ഈ യൂത്തുഫെസ്റ്റിവലിൽ പങ്കെടുക്കുന്നുണ്ട്. ജൂലൈ 28-ാം തീയതി മുതൽ ആഗസ്റ്റ് 1-ാം തീയതിവരെ നടക്കുന്ന യൂത്തുഫെസ്റ്റിവലിൽ പങ്കെടുത്തുകൊണ്ട് ലോക സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുമെന്ന് ഇരുപതിനായിരത്തോളം വരുന്ന പ്രതിനിധികൾ പ്രതിജ്ഞ എടുത്തിരിക്കുകയാണ്. ഇൻഡ്യയിൽ നിന്നുള്ള യുവജനങ്ങൾ ഉൾപ്പെടെ ആണവ യുദ്ധത്തിനെതിരായി മോസ്ക്കോവിൽ സമ്മേളിച്ചുകൊണ്ട് ശക്തികൂട്ടിക്കൊണ്ടിരിക്കുകയാണ്. അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ സംഘടിക്കുന്ന കൂട്ടത്തിൽ സമാധാന

LIBRARY ARCHIVES Kerala Legislative Assembly